നം.കെ.എസ്.എ-കെ.ടി.എം.പി11/1017/2019 തീയതി : 13.08.2019

# കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.03.2019 മുതൽ 24.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 05.07.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019 മുതൽ 05.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ.(ഹ.ഗ്രേ) |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു രവീന്ദ്രൻ | 01.04.2018 മുതൽ 16.12.2018 വരെ |
| | ശ്രീമതി ജെസ്സി ജോസ് | 17.12.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.നാസ്സർ.സി.എസ്. | 1.04.2018 മുതൽ 31.3.2019 വരെ |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി നെസിയ സത്താർ | 01.04.2018 മുതൽ 01.11.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി സിന്ധു കെ.മാത്യു | 02.11.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.റോസ്മി കെ.ബേബി | 01.04.2018 മുതൽ<br>10.06.2018 വരെ |
| | ഡോ.നെൽസൺ മാത്യു | 11.06.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.പ്രസൂൺ മാത്യു | 1.04.2018 മുതൽ<br>31.3.2019 വരെ |
| വി.ഇ.ഒ. | ശ്രീ.ജോൺസൺ ജോർജ് കെ. | 01.04.2018 മുതൽ<br>05.12.2018 വരെ |
| | ശ്രീ.അനിൽ കുമാർ പി.ആർ. | 06.12.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതമോൾ സി. | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി അന്നമ്മ ജോൺ | 01.04.2018 മുതൽ<br>02.11.2018 വരെ |
| | ശ്രീ.ബെന്നി തോമസ് | 03.11.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 1.4.2018 മുതൽ<br>31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സോഫിയ മാത്യു | 01.04.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി-അവലോകനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്ക്-അവലോകനം |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | അക്കൗണ്ട് പുസ്തകങ്ങളുടെ സൂക്ഷിപ്പ് അപാകങ്ങൾ |
| 2-2 | ബാദ്ധ്യത കണക്കിൽ ചേർത്ത് സൂക്ഷിച്ചിട്ടുള്ളതും സർക്കാരിലേയ്ക്ക്/മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് അടക്കേണ്ടതുമായ തുകയുടെ വിവരം |
| 2-3 | അനധികൃത കെട്ടിടനിർമ്മാണം-പഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചില്ല |
| 2-4 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല |
| 2-5 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-നടപടികളിൽ അപാകത |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | എൻ.ആർ.എച്ച്.എം. ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല |
| 3-2 | അങ്കണവാടികൾക്ക് പോഷകാഹാരം പദ്ധതി-ഭക്ഷ്യ സാധനങ്ങളുടെ വിതരണം-അധികതുക നൽകി |
| 3-3 | എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് പകരം പഴയ നിരക്കിൽ റിവൈസ് ചെയ്തു-പൊതുമരാമത്ത് മാന്വലിന് വിരുദ്ധം |
| 3-4 | ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ-അധികതുക നൽകി |
| 3-5 | കരാർ ലംഘനം-നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല |
| 3-6 | മരാമത്ത് പ്രവൃത്തികൾ-കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത കരാറുകാർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച |
| 3-7 | റീടെൻഷൻ തുക യഥാസമയം പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ചില്ല-ആനുപാതികമായ തുക ലാപ്സായി |
| 3-8 | സ്ട്രീറ്റ്ലൈറ്റ് -കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-9 | ജലനിധി-കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃഗ്രൂപ്പുകൾക്ക് കൈമാറിയില്ല |
| 3-10 | ആശ്രയപദ്ധതി-വിവിധ ബാങ്ക് അക്കൗണ്ടുകളിലായി വൻതുക ബാക്കിനിൽക്കുന്നത് |
| 3-11 | അടുക്കളത്തോട്ടം-അപാകതകൾ |
| 3-12 | ലൈഫ് ഭവനപദ്ധതി-അവലോകനം |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |

| | |
|---|---|
| 1 | |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 35,66,916 | 76,23,599 |
| വരവ് | 10,60,43,300 | 7,38,79,737 |
| ആകെ | 10,96,10,216 | 8,15,03,336 |
| ചെലവ് | 10,83,65,800 | 7,27,79,681 |
| നീക്കിയിരിപ്പ് | 12,44,416 | 87,23,655 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങളില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യ സമ്പ്രദായത്തിൽ അനുവർത്തിക്കുന്ന അക്കൗണ്ടുകളുടെ/ശീർഷകങ്ങളുടെ വിശദമായ വർഗ്ഗീകരണത്തിനനുസൃതമായി ബജറ്റിന്റെ സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 17.06.2019 | | |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 17, 18.6.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 22.06.2019 ലെ കെ.എസ്.എ-കെ.ടി.എം.പി.11/880/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,23,599 |
| വരവ് | 7,38,79,737 |
| ആകെ | 8,15,03,336 |
| ചെലവ് | 7,27,79,681 |
| നീക്കിയിരിപ്പ് | 87,23,655 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,12,80,000 | 1,12,80,000 | 1,02,80,838 | 9,99,162 |
| വികസനഫണ്ട് എസ്.സി.പി. | 0 | 39,68,000 | 39,68,000 | 39,68,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6,06,000 | 6,06,000 | 6,06,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 35,92,000 | 35,92,000 | 22,13,836 | 13,78,164 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 27,80,000 | 27,80,000 | 18,49,778 | 9,30,222 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 69,47,393 | 69,47,393 | 52,77,857 | 16,69,536 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 2,87,29,777 | 2,87,29,777 | 2,87,25,957 | 3,820 |
| ബി ഫണ്ട് | 0 | 2,83,12,620 | 2,83,12,620 | 2,83,12,620 | 0 |
| തനതുഫണ്ട്(ബാങ്ക്) | 24,86,681 | 48,32,648 | 73,19,329 | 48,59,501 | 24,59,828 |

# 1-6 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 4.1.2018 ൽ

കൂടി കരട് പദ്ധതിനിർദേശങ്ങൾ സമർപ്പിച്ചു. പദ്ധതി രൂപീകരണ ഗ്രാമസഭ 27.1.2018 മുതലുള്ള 5.2.2018 വരെയുള്ള ദിവസങ്ങളിൽ കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. 26.2.2018ൽ പ്രാദേശിക ആസൂത്രണസമിതിയോഗം, സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം എന്നിവ ചേർന്നു. ഊരുകൂട്ടം, ഭിന്നശേഷിയുള്ളവർക്കായുള്ള ഗ്രാമസഭ എന്നിവ 26.4.18ലും വികസനസെമിനാർ 6.3.2018ലും നടന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ 30.4.2018 മുതൽ 6.5.2018 വരെയും ചേർന്നിട്ടുണ്ട്. ഇപ്രകാരം വിവിധ ഘട്ടങ്ങളിലായി നടന്ന ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും ശേഷം തയ്യാറാക്കിയ വാർഷിക പദ്ധതി 17.4.2018 ലെ 1(7)നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. സർക്കാരിന്റെ നിർബന്ധിത പ്രോജക്ടുൾപ്പെടെ ചേർത്ത് ഭരണസമിതി 12.2.19 ന് അന്തിമ അംഗീകാരം നല്കിയ വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി 15.2.2019 ലെ 490/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 12,32,98,995 | 149 | 4,98,11,451 | -- | 40 | 79 |

പ്രോജക്ട് നം. 210 ആയി വൈദ്യുതിചാർജ് കുടിശ്ശിക ഇനത്തിൽ വികസനഫണ്ടിൽ നിന്ന് കുറവ് വരുത്തിയ 256 രൂപയുടെ നിർബന്ധിത പ്രോജക്ടുൾപ്പെടെ ആകെ 189 പ്രോജക്ടുകൾ.

നിർബന്ധിത പ്രോജക്ടുൾപ്പെടെ ആകെയുള്ള 189 ൽ 149 എണ്ണം നടപ്പാക്കി.എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ 14 പ്രോജക്ടുകളുടെയും, മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ 3 പ്രോജക്ടുകളുടെയുമുൾപ്പെടെ ആകെ 18 ബില്ലുകൾ ട്രഷറിയിൽ നിന്ന് സാമ്പത്തികവർഷം മാറാനാവാതെ 'ക്യൂ' വിലായിരുന്നു. ടി തുകകൾ നിലവിൽ മാറിയിട്ടുണ്ട്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 4,30,540 | 4,30,540 | വികസനകാര്യം |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 27,23,200 | 26,87,200 | വികസനകാര്യം |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 3 | 9,00,150 | 7,66,610 | ആരോഗ്യം-വിദ്യാഭ്യാസം |
| 6 | വി.ഇ.ഒ. | 18 | 15 | 8,93,84,600 | 2,73,03,704 | വികസനകാര്യം, ക്ഷേമകാര്യം |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 39,26,543 | 37,57,072 | ക്ഷേമകാര്യം |
| 8 | സെക്രട്ടറി | 31 | 25 | 34,19,795 | 28,13,722 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |

| | | | | | | |
|---|---|---|---|---|---|---|
| 9 | അസിസ്റ്റന്റ് എൻജിനീയർ | 104 | 74 | 2,07,95,717 | 1,04,66,816 | വികസനകാര്യം |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,00,000 | 3,00,000 | വികസനം |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 14,18,450 | 12,85,787 | ക്ഷേമം |
| **ആകെ** | | **189** | **149** | **12,32,98,995** | **4,98,11,451** | |

കാർഷികമേഖലയിൽ കിണർ റീചാർജിംഗ്, തേനീച്ച വളർത്തൽ തുടങ്ങിയ പ്രോജക്ടുകളും, മൃഗസംരക്ഷണമേഖലയിൽ വനിതാഘടകപദ്ധതിയുൾപ്പെടെ ആട്ടുവളർത്തൽ, പശുവളർത്തൽ, പോത്തുകുട്ടിവളർത്തൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തിയതായി കാണപ്പെട്ടില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ലയെന്നത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പോരായ്മയാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി., എസ്.റ്റി. വിഭാഗങ്ങളിൽപെട്ടവർക്കുൾപ്പെടെയുള്ള ലൈഫ് ഭവനപദ്ധതിയാണ് വി.ഇ.ഒ. നടപ്പാക്കിയ ഏറ്റവും വലിയ പ്രോജക്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കപ്പെട്ട പ്രോജക്ടും ഇതാണ്. വീടുകളുടെ നിർമാണം വിവിധ ഘട്ടങ്ങളിലായി നടക്കുന്നു. കൂടാതെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കൽ, പഠനമുറി, ഭവനപുനരുദ്ധാരണം പ്രോജക്ടുകളും വി.ഇ.ഒ. നിർവഹണം നടത്തി.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ്& വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ അങ്കണവാടി പ്രവർത്തനം സംബന്ധിച്ച ചർച്ചകളും തീരുമാനങ്ങളും ഉള്ളതായി കാണുന്നുവെങ്കിലും അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാര്യമായ ഇടപെടലുകൾ ഉണ്ടാവുന്നില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും പഞ്ചായത്തോഫീസിലേക്കും ഫർണിച്ചർ, ലാപ്ടോപ്പ് ഉൾപ്പെടെ കമ്പ്യൂട്ടറുകൾ, പ്രിന്റർ, എൻ.ആർ.എച്ച്.എം ആയുർവ്വേദ ഹോമിയോ ആശുപത്രികൾക്ക് മരുന്ന്, ഐ.കെ.എം., സാമൂഹ്യസുരക്ഷാമിഷൻ എന്നിവയ്ക്ക് തുക നല്കൽ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കി. എന്നാൽ ഐ.കെ.എം.ന് വിഹിതം നല്കിയ 52,725/- രൂപ, സാമൂഹ്യസുരക്ഷാമിഷന് നല്കിയ 1 ലക്ഷം രൂപ എന്നിവ സംബന്ധിച്ച രേഖകൾ ടി സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടില്ല. ഹരിത കർമ്മസേനയ്ക്ക് യൂണിഫോം, യൂസർഫീ പിരിക്കുന്നതിന് രസീത് പ്രിന്റിംഗ് ഇനങ്ങളിലായി 18,500/- രൂപ ചെലവഴിച്ചുവെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണഉദ്യോഗസ്ഥനായി നിയോഗിക്കപ്പെട്ട പ്രോജക്ടുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവയാണ്. 104 പ്രോജക്ടുകളാണ് തയാറാക്കി അംഗീകാരം വാങ്ങിയത്. എന്നാൽ നടപ്പിലാക്കി ബിൽ മാറിയത് 74 എണ്ണം മാത്രം. മരാമത്ത് പ്രോജക്ടുകൾ ഭൂരിഭാഗവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. താരതമ്യേന ചെറിയ തുകകളാണ് മിക്കവാറും പ്രോജക്ടുകൾക്കും വകയിരുത്തിയത്. അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങി എല്ലാ ഭാഗത്തുനിന്നും സംയോജിതമായ നീക്കം ഉണ്ടാവണം. ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയപ്രോജക്ടുകൾ ഉണ്ടാക്കുന്നതിന് പകരം കൂടുതൽ മുതൽ മുടക്കുള്ള ബൃഹദ് പ്രോജക്ടുകളേറ്റെടുത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഇച്ഛാശക്തിയാണ് സമഗ്രവികസനത്തെ സഹായിക്കുന്നത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിലുള്ള പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകളാണ് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയത്. വാട്ടർടാങ്ക് വിതരണം, വയോജനങ്ങൾക്ക് കട്ടിൽ വിതരണം, തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ, പൂർത്തീകരണഘട്ടങ്ങളിൽ മോണിട്ടറിംഗ്സമിതിയായി പ്രവർത്തിക്കണമെന്നാണ് സർക്കാർ നിഷ്കർഷയെങ്കിലും റിപ്പോർട്ട് തയാറാക്കി ഫയലിൽ വച്ചിട്ടുണ്ടെങ്കിലും പ്രായോഗികമായ മോണിട്ടറിംഗിന്റെ ഫലപ്രാപ്തി വ്യക്തമല്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരു പരിധിവരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമ്മാർജനമുൾപ്പെടെ കാര്യമായ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നില്ലയെന്നതിലൂടെ നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അവഗണിക്കുകയാണുണ്ടായത്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 253 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 253 പ്രോജക്ടുകളിൽ 149 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 97873 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1376 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ദേശീയ തൊഴിലുറപ്പ് പദ്ധതി കാഷ്ബുക്ക് പ്രകാരമുള്ള 2018-19 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | തുക | ആകെ തുക |
|---|---|---|
| മുന്നിരിപ്പ് | 12,011 | |
| വരവ് | | |
| | | |

| | | |
|---|---|---|
| ഇ.എഫ്.എം.എസ് വരവ് | 2,78,08,487 | |
| ഭരണചെലവുകൾക്ക് വേണ്ടിയുള്ള വരവ് | 7,65,848 | |
| ബാങ്ക് പലിശ | 5,171 | |
| **ആകെ** | | **2,85,91,517** |
| **ചെലവ്** | | |
| ലേബർ ഇൻസെന്റീവ് | 2,69,24,111 | |
| മെറ്റീരിയൽ കോസ്റ്റ് | 4,23,100 | |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 12,40,486 | |
| **ആകെ** | | **2,85,87,697** |
| **നീക്കിയിരിപ്പ്** | | 3,820 |
| ആകെ | | 2,85,91,517 |

**വാർഷികകണക്കും ദേശീയതൊഴിലുറപ്പ് പദ്ധതി കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല**

2018-19 വാർഷികകണക്കും ദേശീയതൊഴിലുറപ്പ പദ്ധതി കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മുൻകൂറായി നല്കുന്ന തുകകൾ കാഷ്ബുക്കിൽ രേഖപ്പെടുത്താത്തതിനാലും പദ്ധതി നിർവ്വഹണത്തിന് സെക്രട്ടറിയുടെ തനത് ഫണ്ടിൽ ലഭിച്ച തുക തൊഴിലുറപ്പ പദ്ധതി അക്കൗണ്ടിൽ ലഭിക്കുന്നതിന് മുൻപ് കാഷ്ബുക്കിൽ രേഖപ്പെടുത്തിയതിനാലും വാർഷികകണക്കും ദേശീയതൊഴിലുറപ്പ് പദ്ധതി കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,120 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 21,87,600 | 515 |
| വിധവാപെൻഷൻ | 44,55,400 | 1038 |
| വാർദ്ധക്യകാലപെൻഷൻ | 1,93,36,100 | 4349 |
| വികലാംഗപെൻഷൻ | 19,13,400 | 443 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3,30,000 | 75 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.6.2019 ൽ 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,789/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഭരണപരമായ നയങ്ങളുടെ പരിപാലനം, പ്രക്രിയകൾ, നടപടിക്രമങ്ങൾ, കടമകൾ, പെരുമാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ആഭ്യന്തരനിയന്ത്രണം. തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കിയതിൽ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വ്യക്തമാകുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്. എന്നാൽ ഓഫീസ് ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. വസ്തുനികുതി 100% പിരിച്ചെടുക്കണമെന്ന നിർദ്ദേശം നടപ്പായില്ല.

പല കമ്മിറ്റിതീരുമാനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പട്ട നിലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കാഷും, ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കൽ, ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യൽ, കണക്കുകളിൽ ഉൾപ്പെടുത്തൽ എന്നീ പ്രക്രിയകൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവശ്യം വേണ്ട അനുബന്ധരേഖകൾ വൗച്ചറുകൾക്കൊപ്പം വച്ചിട്ടില്ല എന്നത് വൗച്ചറുകളുടെ ആധികാരികത ഇല്ലാതാക്കുന്നു.

നികുതികളിലെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. വസ്തുനികുതിയിനത്തിലെ വലിയകുടിശ്ശിക നടപടികളിലെ ഫലപ്രാപ്തിയില്ലായ്മയെ കാണിക്കുന്നു. വാർഷികകണക്കുകൾ പ്രകാരം തൊഴിൽനികുതി, വാടക, ഡി&ഒ ലൈസൻസ് ഇനങ്ങളിലും കുടിശ്ശികകൾ നിലനിൽക്കുന്നതായി കാണുന്നു. വാസഗൃഹം ഇനത്തിൽപെടുത്തി വസ്തുനികുതി നിർണയിച്ച പല കെട്ടിടങ്ങളിലും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. പഞ്ചായത്ത് അതിർത്തിയിലെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിലൂടെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ആഭ്യന്തരനിയന്ത്രണത്തിൽ കാര്യക്ഷമതയില്ലായ്മ നിലനില്ക്കുന്നു.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമല്ല. ഒരേയിനം സാധനങ്ങൾ വാങ്ങുന്നതിന് പല നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത ടെൻഡർ/ക്വട്ടേഷൻ നടപടികളിലൂടെ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നത് പ്രൊക്യൂവർമെന്റ് നടപടികളുടെ അന്ത:സത്തയ്ക്ക് വിരുദ്ധമാണ്. പ്രൊക്യൂവർമെന്റ് കമ്മിറ്റിയോഗങ്ങളിൽ കൃത്യമായ വിലയിരുത്തലുകൾ നടക്കുന്നില്ല. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും പ്രോജക്ടുകളുടെ രൂപീകരണനിർവഹണ നടപടികൾ തൃപ്തികരമല്ല.

ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലാണ് ശമ്പളം നിർണ്ണയിച്ച് വിതരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തിവിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിലുള്ള റോഡുൾപ്പെടെയുള്ള പല ആസ്തികളുടെയും യാഥാർഥ വസ്തുത പരിശോധിച്ച്

ഉറപ്പുവരുത്തേണ്ടതുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ലഭ്യമാക്കുകയോ ചർച്ചയ്ക്ക് വിധേയമാക്കുകയോ ചെയ്തിട്ടില്ല.

ആഭ്യന്തരനിയന്ത്രണ സംവിധാനം മതിയായ കാര്യക്ഷമത ഇനിയും കൈവരിച്ചിട്ടില്ലയെന്നാണ് പരിശോധനകളിൽ വ്യക്തമാകുന്നത്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2019 | 4/19 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2017 മുതൽ 10.11.2017 വരെ. | 2012-13 മുതൽ 2016-17 വരെ | LBA(HQ)11/1/8A-51/2018-19/71/5.7.18 |

# 1-12 വാർഷികകണക്ക്-അവലോകനം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ രേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ ചെക്കുകളിൽ നിശ്ചിത കാലാവധിക്കുള്ളിൽ പണമാക്കാത്ത 2 ചെക്കുകളുടെ മൂല്യം Liability in Respect of Stale Cheques ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.
4. 450210104-SBT e Payment ബാങ്ക് അക്കൗണ്ടിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് 36,644/- രൂപയാണ്. പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 34,612/- രൂപ. വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്യപ്പെട്ട വസ്തുനികുതിയിനത്തിലുള്ള 2,032/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.
5. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടുകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയിൽ 320700204, 320700205 ശീർഷങ്ങളിലെ നീക്കിയിരിപ്പായ 6,85,397/- രൂപ മാത്രമാണ് സംയുക്ത പ്രോജക്ടിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിൽ കാണുന്നത്. 320700104, 320700404, 320700405 എന്നീ സംയുക്ത പ്രോജക്ട് ശീർഷകങ്ങളിലുള്ള നീക്കിയിരിപ്പായ 1,95,783/- രൂപ 31.03.2019 ലും തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് നിലനിൽക്കുന്നത്.
7. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ നീക്കിയിരിപ്പ് തൊഴിലുറപ്പ് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. 2018-19 ലെ ആകെ വരവ്

2,80,19,669 രൂപയും ആകെ ചെലവ് 2,78,68,849/- രൂപയുമാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഇവ 2,84,77,125/- രൂപയാണ്.

8. ഡെയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ഗുണഭോക്താക്കൽ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല എന്നതിനാൽ പ്രസ്തുത വരവുചെലവ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല.

10. പൊൻകുന്നം സബ് ട്രഷറിയിയിലുള്ള TPA 264 വില്ലേജ് പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിലെ (VPFA) തുക 17,235/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ട അവസ്ഥയിലാണ്. 5 വർഷമായി ഇടപാടുകളില്ലാത്തതിനാൽ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റിയ തുക അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോടെ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷികകണക്കുകൾ അപാകതകളില്ലാതെ സമർപ്പിക്കുന്നതിൽ ധനകാര്യസ്ഥിരം സമിതിയുടെ ഇടപെടൽ അനിവാര്യമാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്കൗണ്ട് പുസ്തകങ്ങളുടെ സൂക്ഷിപ്പ് അപാകങ്ങൾ

28.03.2019 മുതൽ 20.06.2019 വരെ രസീതുകൾ ഉപയോഗിച്ച് നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ, വരവുചെലവുകളുടെ അക്കൗണ്ടിംഗ്, അക്കൗണ്ട് പുസ്തകങ്ങളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 5, 6, 57 എന്നിവ പ്രകാരം കാഷ് ബുക്ക്, ബാങ്ക് ബുക്ക്, എന്നിവ പ്രതിദിനം ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും മാസാന്ത്യം ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതുമാണ്(പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്യുന്നതു വരെ പ്രിന്റ് എടുത്ത് സൂക്ഷിക്കണം) എന്നാൽ പരിശോധന നടത്തിയ രണ്ട് മാസങ്ങളിലും ഈ നടപടി ക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇതുമൂലം ബാങ്ക്ബുക്കിലെ രേഖപ്പെടുത്തലുകളിൽ വന്ന തെറ്റുകൾ ശ്രദ്ധിക്കപ്പെടുകയോ, തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. 19.6.2017 ൽ 8535 ചെക്ക് പ്രകാരം 2,267/- രൂപ പിൻ വലിച്ചെങ്കിലും ബാങ്ക്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല.

2. ചെക്ക് ഉപയോഗിച്ചുള്ള പിൻവലിക്കലുകൾ നടത്തുമ്പോൾ ഇൻസ്ട്രമെന്റ് നമ്പർ തെറ്റായി ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നത് അടുത്ത തലത്തിൽ പരിശോധന ഇല്ലാത്തതിനാൽ കണ്ടെത്തുകയോ തിരുത്തുകയോ ചെയ്യുന്നില്ല(ബാങ്ക് ബുക്കിൽ 8520 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 500/- രൂപ 8517 നമ്പർ ചെക്ക് പ്രകാരം പിൻ വലിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

3. ചെക്ക് ബുക്ക് സെക്രട്ടറി വ്യക്തിപരമായ കസ്റ്റഡിയിൽ പൂട്ടി സൂക്ഷിക്കേണ്ടതാണെന്ന് ചട്ടം 38 അനുശാസിക്കുമ്പോൾ ആയവ അക്കൗണ്ടന്റിന്റെ കൈവശമാണ് സൂക്ഷിക്കുന്നത്.

4. സാംഖ്യ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്യുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ അപൂർണ്ണമാണ്. ഈ സാഹചര്യത്തിൽ മാനവൽ ആയി ചെക്ക് ഇഷ്യൂരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചില്ലെങ്കിൽ ആയവയുടെ

നിരീക്ഷണം അസാദ്ധ്യമാകും.

5. 5.4.2019 ൽ ഇഷ്യൂ ചെയ്ത 9426 നമ്പർ ചെക്ക് പ്രകാരമുള്ള 3,450/- ഇതേ ദിവസം ബാങ്ക് തെറ്റായി അക്കൗണ്ട് ചെയ്യുകയും പിന്നീട് ക്രമീകരിക്കുകയും ചെയ്തത് മേൽനോട്ട ചുമതലയുള്ള സെക്രട്ടറി കണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകങ്ങളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 5/19 തെറ്റുകൾ തിരുത്തുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. അക്കൗണ്ടിംഗ് നടപടികൾ ക്രമാനുസൃതം ആണെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

# 2-2 ബാധ്യത കണക്കിൽ ചേർത്ത് സൂക്ഷിച്ചിട്ടുള്ളതും സർക്കാരിലേക്ക്/മറ്റ് സ്ഥാപനങ്ങളിലേക്ക് അടക്കേണ്ടതുമായ തുകയുടെ വിവരം

ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, വ്യക്തമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്. കൂടാതെ ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പദ്ധതികളുടെ നടത്തിപ്പിന് പഞ്ചായത്തിന് ലഭിച്ചവയിൽ പ്രോജക്ട് ഇല്ലാത്ത തുകകളും ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | തുക (രൂപ) | റിമാർക്സ് |
|---|---|---|
| 320700104 | 52,935 | പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് മുൻ കാലങ്ങളിൽ ലഭിച്ചതും നിലവിൽ പ്രോജക്ട് ഇല്ലാത്ത തുമായ തുക.(സംയുക്തപദ്ധതികൾക്ക് ലഭിക്കുന്ന തുകകളിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന തീയതിയിൽ നീക്കിയിരിപ്പുള്ള തുക സർക്കാരിലേക്ക് അടവാക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് (സ.ഉ(അച്ചടി)07/2017 ഫിൻ തീ 23.01.2017) |
| 320700204 | 22,418 | മുൻവർഷം പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 3,00,000/- രൂപയിൽ ചെലവഴിച്ചശേഷം, നീക്കിയിരിപ്പുള്ള തുക സ.ഉ(അച്ചടി)07/2017 ഫിൻ തീ 23.01.2017 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കണം. |
| 320700404 | 42,848 | പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് മുൻ കാലങ്ങളിൽ ലഭിച്ചതും നിലവിൽ പ്രോജക്ട് ഇല്ലാത്ത തുമായ തുക.സ.ഉ(അച്ചടി)07/2017 ഫിൻ തീ 23.01.2017 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കണം |
| 320700405 | 1,00,000 | 31.03.2017 ൽ പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക. സ.ഉ(അച്ചടി)07/2017 ഫിൻ തീ 23.01.2017 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കണം. |
| 320800101 | 305 | ഗുണഭോക്തൃവിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള 1,06,305/- രൂപയിൽ കൃത്യമായ കണക്കില്ലാത്ത 305/- രൂപ തനത് ഫണ്ടിൽ മുതൽക്കൂട്ടി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |

| | | |
|---|---|---|
| 350200104 | 2,000 | കണക്ക് ശീർഷകത്തിൽ നീക്കിയിരിപ്പുള്ള 6,100/-രൂപയിൽ 2,000/- മുൻജീവനക്കാരനായിരുന്ന പി.എം.മുഹ്സിന്റെ ഗ്രൂപ്പ് ഇൻഷ്വറൻസ് അടവാക്കുന്നതിന് ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയാണ്. തുക വാങ്ങുന്നതിന് ഏജൻസി തയ്യാറാകാത്തതിനാൽ അർഹതപ്പെട്ട ഉദ്യോഗസ്ഥന് തിരികെ നല്കി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |
| 340100301 | 23,402 | കോൺട്രാക്ടേഴ്സ് റിടെൻഷൻ ഇനത്തിൽ ബാധ്യതകണക്കിൽ സൂക്ഷിച്ചിട്ടുള്ള തുക കാലിബാരൽ വില്പനയിലൂടെ ലഭിച്ചതും സർക്കാരിലേക്ക് അടക്കാനുള്ളതുമാണ്. തുക അടവാക്കി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |
| -- | 40,000 | ലൈഫ് ഭവനപദ്ധയിൽ ഗുണഭോക്താവ് തുക കൈപ്പറ്റിയ ശേഷം തിരിച്ചടച്ച 2,00,000/- രൂപയിൽ ലോൺഅക്കൗണ്ടിൽ തിരിച്ചടച്ച 1,60,000/- കിഴിച്ച് ബാക്കി തുക 40,000/- രൂപ (വികസനഫണ്ട്)തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 അനധികൃത കെട്ടിട നിർമ്മാണം -പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്ത് വാർഡ് 6 ൽ നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളിന് പെർമിറ്റ് എടുക്കുക പോലും ചെയ്യാതെ ബഹുനില കെട്ടിടം പണിയുകയും നികുതി നിർണ്ണയം നടത്തി അംഗീകാരം വാങ്ങാതെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടും പഞ്ചായത്തിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. അഡ്മിനിസ്ട്രേറ്റർ, എസ്.എൻ.ഡി.പി.യുടെ പേരിൽ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിന് അനുമതി വാങ്ങുകയും 19.25 ച.മീ ഉള്ള 5 മുറികൾക്ക് വാണിജ്യ ആവശ്യത്തിന് നികുതി നിശ്ചയിച്ച് ഈടാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇതേ അളവിൽ 2 നിലകൾ മുകളിൽ അനധികൃതമായി നിർമ്മിക്കുകയും 3 നിലകളിലുമായി സ്വകാര്യ സ്കൂൾ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. മുകളിലുള്ള 2 നിലകൾ ക്രമവല്ക്കരിച്ച് ഫീസ് ഈടാക്കുകയോ, അനധികൃത നിർമ്മാണ രജിസ്റ്ററിൽ ചേർത്ത് യു.എ നമ്പർ നല്കി 3 ഇരട്ടി നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പ്രതിവർഷം നല്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്കൂളുകളുടെ പ്രവർത്തനത്തിന് അനിവാര്യമാണെന്നിരിക്കെ ആയതു പോലും ഇല്ലാതെയാണ് പ്രസ്തുത കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം നടത്തുന്നത് എന്ന് കാണുന്നു.

ഇത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ബാങ്ക്/ധനകാര്യ/ഇതര സ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയോ, സ്ഥാപന തൊഴിൽനികുതിയോ ഈടാക്കിയിട്ടില്ലായെന്നും കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആൽഫാ ഫൈനാൻസിയേഴ്സ്- കുട്ടിക്കൽ, പറത്താനം, ഏന്തയാർ, ഇളംകാട് |
| 2 | ഐശ്വര്യ ഫിനാൻസ്, കുട്ടിക്കൽ |
| 3 | മരിയ ഫിനാൻസ്, ഏന്തയാർ |
| 4 | തളിയത്ത് ഫിനാൻസ്, ഏന്തയാർ |
| 3 | ക്ഷീര സഹകരണ സംഘങ്ങൾ: പറത്താനം, ഏന്തയാർ, ഇളംകാട്, കുട്ടിക്കൽ |
| 4 | അഗ്രി.ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുട്ടിക്കൽ |
| 5 | വിവിധ അക്ഷയ കേന്ദ്രങ്ങൾ |

കൂടാതെ, ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള പുളിയ്ക്കൽ ഫിനാൻസ്, കുട്ടിക്കൽ; ഏന്തയാർ, കുട്ടിക്കൽ കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഷംസ് ക്ലിനിക് ഏന്തയാർ എന്ന സ്ഥാപനത്തിലെ രണ്ട് നേഴ്സിംഗ് സ്റ്റാഫ്, ഒരു റിസപ്ഷനിസ്റ്റ് എന്നിവരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിലും ചീഫ് മെഡിക്കൽ ഓഫീസറായി വരുമാന പത്രിക സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഡോ.ഷംസ് എന്നയാളുടെ നികുതി ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.1 തീയതി 29.6.2019) മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ വ്യക്തികൾ, ഉദ്യോഗസ്ഥർ, കരാറുകാർ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും അതനുസരിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

# 2-5 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ -നടപടികളിൽ അപാകത

ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 817 കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത് 140 സ്ഥാപനങ്ങൾ മാത്രമാണ്. മുൻവർഷം 150 ൽ പരം സ്ഥാപനങ്ങൾ ലൈസൻസെടുത്തിരുന്നതാണ്. പ്രസ്തുത ലൈസൻസെടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യാപാര/ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ലാത്തതായി കാണുന്നു. ഉദാഹരണത്തിന്, തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളെ ലിസ്റ്റിലുൾപ്പെടുത്തിയിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 1 | XI/587 | അഭിലാഷ് ഇ.എസ്., എടത്തുംകുന്നേൽ | ഫോട്ടോഗിഫ്റ്റ് ഗാലറി |
| 9 | 1/470 | ജിജിൻ ജോർജ്, കൊല്ലംപറമ്പിൽ | ബേക്കറി ഗോഡൗൺ |
| 12 | XI/383 | ലളിതാംബിക കെ.കെ., മുട്ടത്തിൽ | സ്റ്റേഷനറി |
| 31 | 1/5 | സോജൻ കുരുവിള, ആലക്കാപ്പറമ്പിൽ | തടിമിൽ |
| 40 | 1/53 | Capt.ജോജോചാണ്ടി, MD, സഹ്യാദ്രി റ്റെക്സ് ലിമിറ്റഡ് | ലാറ്റക്സ് ക്രീമിംഗ് |

| | | | |
|---|---|---|---|
| 50 | 1/178 | കെ.ജി.ഷിബു, കരിമുണ്ടയിൽ | പഴം, പച്ചക്കറി വ്യാപാരം |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെടുത്തിയതായി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.2 തീയതി 29.6.2019) മറുപടി നൽകിയിട്ടുണ്ട്. ഉദാഹരണത്തിനായി മാത്രം ഏതാനും സ്ഥാപനങ്ങളുടെ വിവരമാണ് മേൽപ്പട്ടികയിൽ നൽകിയിട്ടുള്ളത്.

അതുപോലെ, 2017-18 ൽ പ്രസ്തുത ലൈസൻസെടുത്തിട്ടുള്ള വളരെയധികം സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 22 | X/71 | ദേവസ്യ കെ.എ., കോട്ടപ്പറമ്പിൽ | ഹാർഡ്‌വെയർ ഷോപ്പ് |
| 79 | 1/11A | സിനോ മാത്യു, കൊച്ചുപുരക്കൽ | ഡ്രൈ ജാക്ക് ഫ്രൂട്ട് ഷോപ്പ് |
| 88 | V/184 | ഷിജു എം.വി., മുളവനാൽ | റ്റി.വി. സർവ്വീസ് സെന്റർ |
| 103 | II/589 | അനീഷ് പി.ഒ., പാലക്കുന്നേൽ | രേഖപ്പെടുത്തിയിട്ടില്ല |
| 50 | 1/178 | കെ.ജി.ഷിബു, കരിമുണ്ടയിൽ | പഴം, പച്ചക്കറി വ്യാപാരം |

മേൽപ്പറഞ്ഞതിൽ ക്രമ നം.1, 3 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും 2, 4, 5 എന്നിവയ്ക്ക് ലൈസൻസ് എടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വാണിജ്യ/വ്യവസായ/സംരഭക/ സേവന സ്ഥാപനങ്ങളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിയ്ക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എൻ.ആർ.എച്ച്.എം ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.12/19 പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് ട്രഷറിബിൽ 22/18-19/3.11.18 പ്രകാരം 3,50,000/- ആയുർവേദ മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കി. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.

പ്രോജക്ട് നം.11/19 ആയി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ട്രഷറിബിൽ നം.27/18-19/27.12.18 ആയി 1,50,000/- രൂപ 'ഹോംകോ' ആലപ്പുഴക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകളുടെ ലഭ്യതയില്ലായ്മ മൂലം അർഹരായ രോഗികൾക്ക് അവശ്യം വേണ്ട മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ടി രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള ആകെ ചെലവ് 5,00,000/- (350000 + 150000) തടസ്സപ്പെടുത്തുന്നു.

# 3-2 അങ്കണവാടികൾക്ക് പോഷകാഹാരം പദ്ധതി-ഭക്ഷ്യ സാധനങ്ങളുടെ വിതരണം-അധികതുക നൽകി

പ്രോജക്ട് നം:1/19 അടങ്കൽ :15 ലക്ഷം

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാരം പദ്ധതിയിൽ കിലോഗ്രാമിന് 2.75 രൂപ നിരക്കിൽ ഭക്ഷ്യ സാധനങ്ങളുടെ വിതരണത്തിനുള്ള ക്വട്ടേഷൻ ശ്രീ.ഇ.കെ.ബിജു, ഇടപ്പാട്ടിന് നൽകിയിരുന്നു. എന്നാൽ, താഴെപ്പറയുന്ന ബില്ലുകളുമായി ബന്ധപ്പെട്ട വൗച്ചറുകളുടെ പരിശോധനയിൽ ടിയാന് അനുവദനീയമായതിൽ കൂടുതൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തുക/ തീയതി | വിതരണം ചെയ്ത സാധനങ്ങളുടെ തൂക്കം(കി.ഗ്രാം) | നൽകേണ്ടിയിരുന്ന തുക (₹) | നൽകിയ തുക(₹) | അധികം നൽകിയത്(₹) |
|---|---|---|---|---|
| 2/18-19/18.7.18<br>₹2,44,226 | ചെറുപയർ - 83<br>ഉഴുന്ന് - 131<br>വെളിച്ചെണ്ണ - 153<br>ഗോതമ്പ് - 1675<br>കടലമിഠായി - 900 പായ്ക്കറ്റ്<br>അമൃതംമിക്സ് - 1702<br>അരി - 780<br>--------------------------<br>ആകെ - 4614 | 12,689<br>(4614x2.75) | 14,930<br>(5429x2.75) | 2,241 |
| 3/18-19/22.8.18<br>₹70,275 | ചെറുപയർ - 137<br>ഉഴുന്ന് - 234<br>വെളിച്ചെണ്ണ - 203 ഗോതമ്പ് - 2375<br>കടലമിഠായി - 765 പായ്ക്കറ്റ്<br>അമൃതംമിക്സ് - 810<br>അരി - 750<br>--------------------------<br>ആകെ - 4586 | 12,612<br>(4586x2.75) | 13,575 | 963 |
| | | | **ആകെ** | **3,204** |

മേൽ പരാമർശിച്ച പ്രകാരം ടിയാന് ₹3,204/- അധികമായി നൽകിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.11 തീയതി.1.7.2019) "കടലമിഠായി ഇറക്കിയതിന് പായക്കറ്റുകളുടെ(100 ഗ്രാം) എണ്ണം കിലോഗ്രാമായി തെറ്റിദ്ധരിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയത് മൂലം സംഭവിച്ച പിഴവാണെന്നും ശ്രീ.ബിജുവിൽ നിന്നും തുക ഈടാക്കി ഉടൻ തന്നെ തിരിച്ചടയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും"മറുപടി നൽകിയിട്ടുണ്ട്. തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3-1 എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് പകരം പഴയ നിരക്കിൽ റിവൈസ് ചെയ്തു-പൊതുമരാമത്ത് മാന്വലിന് വിരുദ്ധം

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ശ്മശാനം പുനരുദ്ധാരണം, 162/2019 |
| കരാറുകാരൻ | പ്രിൻസ് ജോസഫ് |
| കരാർ നമ്പർ/തീയതി | 45/AE/LSGD/KTL/17-18 Dt.31.01.2018 |
| അടങ്കൽ | 2,20,256/-രൂപ വികസനഫണ്ട് പൊതുവിഭാഗം |
| ആകെ ചെലവ് | 2,15,793/-രൂപ (തൻവർഷചെലവ്)<br>(ആദ്യബിൽ പ്രകാരമുള്ള 3,59,244/- രൂപ ഉൾപ്പെടെ ആകെ ചെലവ് 5,75,037/-രൂപ) |
| ബിൽ നം./തീയതി | 24-03.12.2018 |

ഇ-ടെണ്ടറായി ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയത് 01.10.2017 ന് മുൻപാണ്. സെമിത്തേരിക്ക് 77,723.76/- രൂപയും ഷെഡ് നിർമ്മാണത്തിന് 2,77,552.09 രൂപയും ചുറ്റു മതിലിന് 2,23,129.04 രൂപയും മറ്റ് ചെലവുകളും ഉൾപ്പെടെ 5,79,500/- രൂപ വകയിരുത്തിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 10.11.2017 ൽ നടന്ന ടെണ്ടറിൽ പ്രിൻസ് ജോസഫിന് കരാർ ലഭിക്കുകയും ചെയ്തു. എന്നാൽ കരാർ വക്കുന്നതിന് മുൻപ് ഭരണസമിതി പ്രോജക്ടിൽ മാറ്റം വരുത്തുകയും 18.12.2017 ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പഴയ നിരക്കിൽ എസ്റ്റിമേറ്റ് റിവൈസ്ചെയ്യുകയും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നല്കുകയും ചെയ്തു.

ചെയ്യേണ്ട പ്രവൃത്തിയുടെ സ്വഭാവത്തിൽ സമൂലമായ മാറ്റം വരുത്തുന്ന സാഹചര്യത്തിൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സാങ്കേതിക അനുമതി വാങ്ങിയ ശേഷം ടെണ്ടർ ക്ഷണിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. പൊതുമരാമത്ത് മാന്വലിനു വിരുദ്ധമായി, പ്രവൃത്തി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് മുൻപ് ടെണ്ടർ നടപടികൾ സ്വീകരിച്ചതും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് പകരം പഴയ നിരക്കിൽ റിവൈസ് ചെയ്തതും അംഗീകരിക്കാവുന്നതല്ല. ഇക്കാലയളവിൽ കോസ്റ്റ് ഇൻഡക്സിൽ കുറവാണ് ഉണ്ടായത്(0.5095 എന്നത് 0.4412 ആയി)എന്നതിനാൽ ഫലത്തിൽ അധിക ചെലവ് ഉണ്ടായി. ഇക്കാര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും, ഭരണസമിതിയുടെയും ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതായി കാണുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് (0.5095കോസ്റ്റ് ഇൻഡക്സ്) നടപ്പിലാക്കിയപ്പോൾ ഉണ്ടായ ആകെ ചെലവ് | 5,75,037/- രൂപ |
| എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിരുന്നെങ്കിൽ(0.4412കോസ്റ്റ് ഇൻഡക്സ്)ഉണ്ടാകുമായിരുന്ന ചെലവ്(575037/5095x1.4412) | 5,49,018/- രൂപ |
| അധികച്ചെല് | 26,019/- രൂപ |

പ്രവൃത്തി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് മുൻപ് ടെണ്ടർ നടപടികൾ സ്വീകരിച്ചതും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് പകരം, കരാർ പോലും വയ്ക്കുന്നതിന് മുൻപ് പഴയ നിരക്കിൽ റിവൈസ് ചെയ്തതു മൂലം 26,019/- രൂപ അധിക ചെലവ് വരുത്തിയതിനും വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സമയബന്ധിതമായി ചെയ്തു തീർക്കേണ്ടിയിരുന്നതിനാലും നടപടി

ക്രമത്തിലെ അജ്ഞതമൂലവുമാണ് അപാകത ഉണ്ടായതെന്ന് മറുപടി നല്കിയിട്ടുണ്ട്. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവൃത്തിയുടെ ഘടകങ്ങളിൽ സമൂലമായ മാറ്റം വരുന്ന സാഹചര്യങ്ങളിൽ ഒരു പുതിയ പ്രവൃത്തി എന്ന നിലയിൽ പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചതിന് ശേഷം മാത്രം നിർവ്വഹണം നടത്തേണ്ടതാണ്.

# 3-3-2 കരാർലംഘനം-നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | വല്ലീറ്റ അങ്കണവാടി മെയിന്റനൻസ്, 164/2019 |
| കരാറുകാരൻ | ജോസഫ് ഫ്രാൻസിസ് |
| കരാർനമ്പർ/തീയതി | 62/AE/LSGD/KTL/17-18 Dt.27.03.2018 |
| അടങ്കൽ | 1,00,000/-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ആകെ ചെലവ് | 99,603/-രൂപ |
| ബിൽ നം./തീയതി | 53/23.02.2019 |

2018-19 ൽ ഗ്രാമപഞ്ചായത്തിൽ വല്ലീറ്റ അങ്കണവാടി മെയിന്റനൻസ് എന്ന പ്രോജക്ട് ഏറ്റെടുത്ത കരാറുകാരൻ, കരാർ പ്രകാരം കരാർ വച്ച് 20 ദിവസത്തിനകം (17.04.2018)പ്രവൃത്തി ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ പ്രത്യേക കാരണം രേഖപ്പെടുത്തി ദീർഘീകരണത്തിന് അപേക്ഷിക്കുകയോ യഥാസമയം പ്രവൃത്തി ആരംഭിക്കുകയോ ചെയ്തില്ല. 2011 ലെ പൊതു മരാമത്ത് മാന്വൽ 2116.2 പ്രകാരം കരാർ വച്ച ശേഷം ദീർഘീകരണത്തിന് അപേക്ഷിക്കുകയോ പണി തുടങ്ങാതിരിക്കുകയോ ചെയ്ത കരാറുകാരനെ ഒഴിവാക്കേണ്ടതായിരുന്നു.

എന്നാൽ 24.9.2018 ലെ 1/2 തീരുമാന പ്രകാരം മേൽ പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ട് വാൾ നിർമ്മാണം എന്ന പ്രവൃത്തി പരിഷ്കരിച്ച് ബാത്റൂം നിർമ്മാണം എന്ന പ്രവൃത്തിയാക്കി ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴുള്ള നിരക്കിൽ (0.5095കോസ്റ്റ് ഇൻഡക്സ്) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, കരാർ ലംഘനം നടത്തിയ കരാറുകാരന് കൂടിയ നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നല്കുകയും 08.02.2019 ൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കുകയും ചെയ്തു.

ചെയ്യേണ്ട പ്രവൃത്തിയുടെ സ്വഭാവത്തിൽ തന്നെ മാറ്റം വന്ന സ്ഥിതിക്ക് റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സാങ്കേതിക അനുമതി വാങ്ങി ടെണ്ടർ നടപടികളിലൂടെ പുതിയ കരാറുകാരനെ ഏൽപ്പിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇത്തരത്തിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള നിരക്കാണ് ബാധകമാകുക(0.4412കോസ്റ്റ് ഇൻഡക്സ്). പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് മാറ്റം വരുത്തുകയാണെങ്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യണം എന്ന പൊതു മരാമത്ത് മാന്വൽ ചട്ടം 1601.1.4 പാലിക്കാത്തതു മൂലം താഴെ പറയും പ്രകാരം സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് (0.5095കോസ്റ്റ് ഇൻഡക്സ്) നടപ്പിലാക്കിയപ്പോൾ ഉണ്ടായ ആകെ ചെലവ് | 99,603/-രൂപ |
| എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിരുന്നെങ്കിൽ(0.4412കോസ്റ്റ് ഇൻഡക്സ്) ഉണ്ടാകുമായിരുന്ന ചെലവ്(99603/1.5095x1.4412) | 95,096/-രൂപ |
| അധികച്ചെല് | 45,07/-രൂപ |

കരാർ ലംഘനം നടത്തിയ കരാറുകാരനെ ഒഴിവാക്കാതിരുന്നതിനും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ റിവൈസ് ചെയ്തതു മൂലം 4,507/- രൂപ അധിക ചെലവ് വരുത്തിയതിനും വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(7/19) നിർവ്വഹണസമയത്താണ് പ്രവൃത്തിയിലെ മാറ്റം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതെന്ന് മറുപടി നല്കി. വിശദമായ സ്ഥലപരിശോധന നടത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നതിനാലും വിവിധ തലങ്ങളിലെ നിർദ്ദേശാനുസരണമാണ് പ്രോജക്ട് രൂപീകരിക്കപ്പെട്ടത് എന്നതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല.
കരാറേറ്റെടുത്ത് മാസങ്ങളോളം പണിആരംഭിക്കാതിരുന്ന കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിനാൽ സമയബന്ധിതമായി പണി പൂർത്തീകരിക്കാനാണ് കരാർ ലംഘനം നടത്തിയ കരാറുകാരനെക്കൊണ്ടു തന്നെ പണി ചെയ്യിച്ചത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് അനുസരിച്ച് വേണം നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തേണ്ടത്.
സാങ്കേതിക തടസ്സങ്ങളില്ലാതെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും അതുവഴി പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയുകയും ചെയ്യും എന്നുണ്ടെങ്കിൽ ആയത് ചെയ്യേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. സമാന രീതിയിലുള്ള അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ-അധികത്തുക നല്കി

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള നികുതി വിഹിതം ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കൺവീനർക്ക് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. 7.5% ഓവർഹെഡ് ചാർജ് ആയി വകയിരുത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ വാറ്റ് ഒഴിവാക്കിയതിനാൽ 3% ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ (ഐ.റ്റി 2%, വെൽഫയർഫണ്ട് 1%). ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും വാറ്റ് ഇനത്തിൽ വകയിരുത്തിയ 5% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 5% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 16.03.2018 ലെ ഡി.ബി3-9058/17 സി.ഇ/ എൽ.എസ്.ജി.ഡി സർക്കുലറിലും ഇത് വ്യക്തത വരുത്തിയിട്ടുള്ളതാണ്.

| | | |
|---|---|---|
| 1 | പ്രോജക്ട്/പ്രോജക്ട് നം. | ചപ്പാത്ത് 4 സെന്റ് കോളനി കുടിവെള്ളവിതരണം 189/2019 |
| | കൺവീനർ | കെ.എം.ഷിബു |
| | ആകെ ചെലവ്(വേലമൂല്യം) | 48.531/- |
| | നികുതി ഇനത്തിൽ 3% കുറച്ച് കൺവീനർക്ക് നല്കിയ തുക | 47.075/- |
| | ബിൽ നം/തീയതി | 78/29.03.2019 |
| | വാറ്റ് അടക്കുന്നതിന് വകയിരുത്തിയതും ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നതുമായ തുക | **2.427(ആകെ വേലമൂല്യത്തിന്റെ5%)** |
| 2 | പ്രോജക്ട്/പ്രോജക്ട് നം. | ഏന്തയാർ-മുണ്ടപ്പള്ളിറോഡ് സത്യൻപടി ഭാഗം 188/2019 |
| | കൺവീനർ | സന്തോഷ് റ്റി.എ |
| | ആകെ ചെലവ്(വേലമൂല്യം) | 24,311/- |
| | | |

| | | |
|---|---|---|
| | നികുതി ഇനത്തിൽ 3% കുറച്ച് കൺവീനർക്ക് നല്കിയ തുക | 23,582/-(തനതുഫണ്ട്) |
| | ബിൽ നം./തീയതി | ചെക്ക് നം.(തീയതി ലഭിച്ചില്ല) |
| | വാറ്റ് അടക്കുന്നതിന് വകയിരുത്തിയതും ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നതുമായ തുക | **1,216/-**(ആകെ വേലമൂല്യത്തിന്റെ 5%) |
| 3 | പ്രോജക്ട്/പ്രോജക്ട് നം. | പത്യാലപ്പടി ഭാഗം റോഡ് മെയിന്റനൻസ് 81/2019 |
| | കൺവീനർ | **ജോസഫ് പത്യാല** |
| | ആകെ ചെലവ്(വേലമൂല്യം) | 41072/- |
| | നികുതി ഇനത്തിൽ 3% കുറച്ച് കൺവീനർക്ക് നല്കിയ തുക | 40250/- |
| | ബിൽ നം./തീയതി | 52/23-2-2019 |
| | വാറ്റ് അടക്കുന്നതിന് വകയിരുത്തിയതും ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നതുമായ തുക | **2054/-**(ആകെ വേലമൂല്യത്തിന്റെ 5%) |
| 4 | പ്രോജക്ട്/പ്രോജക്ട് നം. | വാരിക്കോട്ടിൽ കടവുകര ഭാഗം കോൺക്രീറ്റിംഗ്, 107/2019 |
| | കൺവീനർ | ഡൊമനിക് മാത്യു |
| | ആകെ ചെലവ്(വേലമൂല്യം) | 28,835/- |
| | നികുതി ഇനത്തിൽ 3% കുറച്ച് കൺവീനർക്ക് നല്കിയ തുക | 27,970/- |
| | ബിൽ നം./തീയതി | 76/29.3.2019 |
| | വാറ്റ് അടക്കുന്നതിന് വകയിരുത്തിയതും ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്നതുമായ തുക | **1,442/-**(ആകെ വേലമൂല്യത്തിന്റെ5%) |
| | **ആകെ** | **7,139/-രൂപ** |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (9/19) സ.ഉ.നം30/16 ഫിൻ തീ 29.02.2016 പ്രകാരം 7.5% ഓവർഹെഡ്ചാർജ് ഉൾപ്പെടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുവാദം ഉണ്ടെന്നുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. ഉത്തരവ് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നികുതി വിഹിതം കൂടി ഉൾപ്പെടുത്തുന്നതിനുള്ള അനുമതിയാണ് നല്കിയിട്ടുള്ളത്. ഗുണഭോക്തൃസമിതി വഴി നടത്തുന്ന പ്രവൃത്തികൾക്കുള്ള യഥാർത്ഥ ചെലവ്/എസ്റ്റിമേറ്റ് നിരക്ക് ഏതാണ് കുറവ് അതാണ് നൽകേണ്ടതെന്ന് സർക്കാർ വിവിധ ഘട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. കൺവീനർമാർക്ക് അധികമായി നല്കിയ 7,139/- രൂപ തിരികെ ഈടാക്കി സർക്കാറിലേക്ക് അടക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

# 3-5 മരാമത്ത് പ്രവൃത്തികൾ-കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത കരാറുകാർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

പ്രവൃത്തികളുടെ സമയക്രമം പാലിക്കാത്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.**

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പോത്തൻമല-മാത്തുമലറോഡ്, കോൺക്രീറ്റിംഗ്, 054/2019 |
| കരാറുകാരൻ | കെ.കെ.വിശ്വംഭരൻ |
| കരാർ നമ്പർ/തീയതി | 22/AE/LSGD/KTL/18-19 Dt.13.09.2018 |
| | |

| | |
|---|---|
| അടങ്കൽ | 2,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| സെലക്ഷൻ നോട്ടീസ് | 1/AE/LSGD/KTL/18-19 DT.14.08.2018 |
| സൈറ്റ് കൈമാറിയ തീയതി | 13.09.2018 |
| പൂർത്തീകരണ സമയം | 4 മാസം |
| നികുതി അടക്കം ആകെ ചെലവ് | 2,02,565/- |
| കരാറുകാരന് നല്കിയ തുക | 1,98,515/- |
| ബിൽ നം./തീയതി | 1,36,037/-(മുൻവർഷം)<br><br>66,528/-(80/29.03.2019) |

കരാറുകാരനായ ശ്രീ കെ.കെ.വിശ്വംഭരന് 14.08.2018 ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 06.09.2018 വരെ പിഴ കൂടാതെയും തുടർന്ന് 1% പിഴയോടെ 18.09.2018 വരെയും കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു. എന്നാൽ 13.09.2018ൽ കരാർ വച്ചപ്പോൾ നിയമാനുസൃതമുള്ള 1% പിഴയായ 2,500/- ഈടാക്കിയിട്ടില്ല.

കരാർ പ്രകാരം, സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 23.09.2018 (സ്ഥലം ഏറ്റുവാങ്ങി 10 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 22.01.2019 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 15.02.2019<br><br>(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 19.03.2019 |

കരാർ പ്രകാരം 16.02.2019 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് 1% പിഴയായ 2,500/- രൂപ ഈടാക്കേണ്ടതയിരുന്നു. കരാർ വക്കുന്നതിന് താമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ 2,500/- രൂപയും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഈടാക്കേണ്ട പിഴ 2,500/- രൂപയും ഉൾപ്പെടെ 5,000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

**2.**

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | മുണ്ടപ്പള്ളി ടോപ്പ്റോഡ് കോൺക്രീറ്റിംഗ് 154/2019 |
| കരാറുകാരൻ | ഹാഫീസ് മുഹമ്മദ് |
| കരാർ നമ്പർ/തീയതി | 8/AE/LSGD/KTL/17-18 Dt.26.09.2017 |
| അടങ്കൽ | 1,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| സൈറ്റ് കൈമാറിയ തീയതി | ഫയലിൽ നിന്നും ലഭ്യമല്ല |
| പൂർത്തീകരണ സമയം | 120 ദിവസം |
| നികുതി അടക്കം ആകെ ചെലവ് | 1,48,853/- |
| കരാറുകാരന് നല്കിയ തുക | 1,45,875/- |
| ബിൽ നം./തീയതി | 14/17.10.2018 |

കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 16.10.2017 (കരാർ വച്ച് 20 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 15.02.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 11.03.2018(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 05.10.2018 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 10.06.2018 വരെ 1% - 1,500 രൂപ<br>10.09.2018 വരെ 2%- 3,000 രൂപ<br>05.10.2018 വരെ 2%- 3,000 രൂപ<br>ആകെ 7,500/-രൂപ |

കരാർ പ്രകാരം 11.03.2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായ 7,500/- രൂപ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

**3.**

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | തേൻപുഴ-ശുഭാനന്ദാശ്രമംറോഡ് മെയിന്റനൻസ്, 160/18-19 |
| കരാറുകാരൻ | ഹാഷീം ഇബ്രാഹീം |
| കരാർ നമ്പർ/തീയതി | 02/AE/LSGD/KTL/17-18 Dt.20.09.2017 |
| അടങ്കൽ | 2,50,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| പൂർത്തീകരണ സമയം | 120 ദിവസം |
| നികുതി അടക്കം ആകെ ചെലവ് | 2,49,974/- |
| കരാറുകാരന് നല്കിയ തുക | 2,44,974/- |
| ബിൽ നം./തീയതി | 44/19.1.2019 |

കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന | 10.10.2017 (കരാർ വച്ച് 20 ദിവസം) |

| | |
|---|---|
| തീയതി | |
| പൂർത്തീകരിക്കേണ്ട തീയതി | 10.02.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 06.03.2018(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 27.12.2018 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 05.06.2018 വരെ 1% - 2,500 രൂപ<br>05.09.2018 വരെ 2%- 5,000 രൂപ<br>27.12.2018 വരെ 2%- 5,000 രൂപ<br>ആകെ 12,500/-രൂപ |

കരാർ പ്രകാരം 06.03.2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായ 12,500/- രൂപ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം നല്കേണ്ടതാണ്.

**4.**

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പ്ലാപ്പള്ളി-ഈത്തുംപള്ളിറോഡ് ഐറിഷ് ട്രയിൻ, മെയിന്റനൻസ്, 167/18-19 |
| കരാറുകാരൻ | ജോസഫ് ഫ്രാൻസിസ് |
| കരാർ നമ്പർ/തീയതി | 39/AE/LSGD/KTL/17-18 Dt.06.12.2017 |
| അടങ്കൽ | 1,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| പൂർത്തീകരണ സമയം | 120 ദിവസം |
| നികുതി അടക്കം ആകെ ചെലവ് | 84,932/- |
| കരാറുകാരന് നല്കിയ തുക | 83,234/- |
| ബിൽ നം./തീയതി | 42/18.1.2019 |

കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 26.12.2017 (കരാർ വച്ച് 20ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 25.04.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 19.05.2018(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 21.01.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 18.08.2018 വരെ 1% - 1,000 രൂപ<br>18.11.2018 വരെ 2%- 2,000 രൂപ |

| | |
|---|---|
| | 01.01.2019 വരെ 2%- 2,000 രൂപ<br>ആകെ 5,000/-രൂപ |

കരാർ പ്രകാരം 26.04.2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായ 5,000/- രൂപ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(13/19) മറുപടി നല്കിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും നിയമാനുസൃതമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 3-6 റിടെൻഷൻ തുക യഥാസമയം പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചില്ല-ആനുപാതികമായ തുക ലാപ്സായി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | താളുങ്കൽ സരോജനിനാണപ്പടി നടപ്പാത കോൺക്രീറ്റിംഗ്, 040/2019 |
| കരാറുകാരൻ | മാത്യുഫിലിപ്പ് |
| കരാർനമ്പർ/തീയതി | 35/AE/LSGD/KTL/17-18 Dt.26.11.2018 |
| അടങ്കൽ | 1,50,000/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ആകെ ചെലവ് | 1,08,271/-രൂപ |
| ബിൽ നം./തീയതി | 61/19.03.2019 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 109 മീറ്റർ നീളം 1 മീറ്റർ വീതിയിൽ 15 സെ.മീ കനത്തിൽ നടപ്പാത കോൺക്രീറ്റിംഗ് ആയിരുന്നു ചെയ്യേണ്ടിയിരുന്നത്. സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തി നിർവ്വഹണസമയത്ത് കനം 12 സെന്റിമീറ്ററാക്കി കുറച്ചു(വാഹന ഗതാഗതം ഇല്ലാത്ത നടപ്പാതയിൽ കോൺക്രീറ്റിംഗ് കനം 12 സെന്റിമീറ്റർ മതിയെന്ന് നിർദ്ദേശമുള്ളതാണ്).നിർവ്വഹണസമയത്ത് വീതിയിലും കുറവ് ഉണ്ടായിട്ടുണ്ട്. ഇതുമൂലം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ കരാറുകാരന് പാർട്ട് ബിൽ നല്കുകയും റിട്ടൻഷൻ തുകയായി 10,827/- രൂപ ബില്ലിൽ കുറവ് ചെയ്തു പ്രവൃത്തി അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ പ്രോജക്ടാക്കാനുള്ള നടപടി സ്വീകരിക്കുകയുമാണ് ചെയ്തത്. തൻവർഷം ടി തുക പിൻവലിയ്ക്കാത്തതിനാൽ ആനുപാതികമായ തുക വർഷാവസാനം ലാപ്സായി.

ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പ്രോജക്ട് പ്രകാരമുള്ള അളവിൽ പ്രവൃത്തി തീർന്ന നിലക്ക് ആയത് സ്പിൽഓവറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധികാരമില്ല. നടപ്പാത കൂടുതൽ നീളത്തിൽ ചെയ്യുന്നതിന് അടുത്ത പദ്ധതി കാലയളവിൽ പുതിയ പ്രോജക്ട് രൂപീകരിക്കുകയും അധികാര സ്ഥാനങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുകയും വേണം. ഇതു പരിഗണിക്കാതെ പൂർത്തിയായ പ്രവൃത്തിക്ക് ഭാഗികമായി തുക നല്കിയത് പഞ്ചായത്ത് പ്രസിഡന്റിന്റെയും വാർഡ് മെമ്പറുടെയും നിർദ്ദേശാനുസരണമാണെന്നും തുടർന്നുള്ള ഭാഗത്തേക്ക് പണി ചെയ്യുന്നതിന് ബാക്കി തുക ആവശ്യമാണെന്നും മറുപടി നല്കിയിട്ടുണ്ട്.

സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഉള്ള തുക തൻവർഷത്തെ വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട അവസ്ഥ നിലവിലുള്ളപ്പോൾ റിടെൻഷൻ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കാത്തതു മൂലം ഈ തുക അടുത്ത സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/19)നടപടിക്രമത്തിലെ കാലതാമസം ഒഴിവാക്കാനാണ് റീടെൻഷൻ തുക

ബില്ലിൽ കുറവ് ചെയ്യുതെന്നും മറുപടി നല്കി.

പദ്ധതി രൂപീകരണ നടപടിക്രമങ്ങളിലൂടെ മാത്രമേ പുതിയ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയുള്ളൂ എന്നതിനാലും, റിടെൻഷൻ തുക പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രത്യേക നടപടികൾ ഇല്ല എന്നതിനാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും മാർഗ്ഗരേഖക്ക് വിരുദ്ധമായതുമായ നടപടികൾ നിർവ്വഹണഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

# 3-7 സ്ട്രീറ്റ്ലൈറ്റ് --കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല

കുട്ടിക്കൽ ഗ്രാമ പഞ്ചായത്ത് ശരാശരി 24,000/-ത്തോളം രൂപ പ്രതിമാസം സ്ട്രീറ്റ്ലൈറ്റിന്റെ കറണ്ട് ചാർജിനത്തിൽ കെ.എസ്.ഇ.ബി.യിലേക്ക് ഒടുക്കുന്നുണ്ട്. ചില മാസങ്ങളിൽ ആയത് 28,000/- രൂപയോളം അടക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.ആയതിനാൽ സ്ട്രീറ്റ്ലൈറ്റ് ചാർജിനത്തിൽ ഗ്രാമ പഞ്ചായത്ത് അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നുള്ള വിവരമാണ് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. അടിയന്തിരമായി സംയുക്തപരിശോധനക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്ട്രീറ്റ്ലൈറ്റുകളുടെ ഇനം, എണ്ണം, പ്രവർത്തനക്ഷമത എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അനിവാര്യമാണ്.

# 3-8 ജലനിധി -കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃഗ്രൂപ്പുകൾക്ക് കൈമാറിയില്ല

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ജലനിധി പദ്ധതി 7.2.15 ൽ കേരള റൂറൽ വാട്ടർ സപ്ലൈ അതോറിട്ടിയുമായി കരാർ വച്ച് ആരംഭിച്ചു. കൂടാതെ പദ്ധതിയുടെ ഗുണഭോക്തൃ ഗ്രൂപ്പുകളുമായി പ്രത്യേകം കരാറുകളും വച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള കാലാവധി 28.6.2019 വരെ നീട്ടിനല്കിയിരുന്നു.

ആകെ 20 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ ഒരെണ്ണം ജലസ്രോതസ്സിന്റെ അപര്യാപ്തത മൂലവും, ഒരെണ്ണം ഗുണഭോക്തൃസമിതിയുടെ നിസ്സഹകരണം മൂലവും ഉപേക്ഷിച്ചു. പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രോജക്ടിന്റെ അടങ്കൽതുകയും സാങ്കേതികാനുമതി തുകയും 6,63,55,300 രൂപയാണ്. കേരള സർക്കാർ (75%), ഗ്രാമപഞ്ചായത്ത്(15%), ഗുണഭോക്തൃ വിഹിതം(10%) ഇനങ്ങളിലായി ആകെ 5,35,17,356/- രൂപ വരവും 5,02,63,732.58/- രൂപ ചെലവും ഉണ്ട്(3.7.19 ലെ സ്ഥിതി).

ഉപേക്ഷിക്കപ്പെട്ട 2 എണ്ണമൊഴികെയുള്ളവ കമ്മീഷൻ ചെയ്തതായി ടീം ലീഡർ ലഭ്യമാക്കിയ രേഖകൾ പ്രകാരം അറിയുന്നു. നിലവിൽ 2 പദ്ധതികൾ മാത്രമാണ് ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളത്. മറ്റുള്ളവ കൂടി കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൈമാറാൻ അവശേഷിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>ഗുണഭോക്തൃസമിതിയുടെ പേര്</u>

| | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പറത്താനം | 56,34,000 | 41,87,230.70 |
| 2 | ഉരുട്ടുമൊട്ട | 58,39,000 | 45,77,024.90 |
| 3 | താളുങ്കൽ | 29,32,000 | 24,13,856.25 |

| | | | |
|---|---|---|---|
| 4 | അരീക്കൽ | 15,60,000 | 12,68,529.00 |
| 5 | കാവാലി | 6,59,000 | 4,33,900.00 |
| 6 | മാന്തിണ്ടി | 14,98,200 | 9,95,495.00 |
| 7 | മാത്തുമല പ്രിയദർശിനി | 28,00,000 | 23,08,815.80 |
| 8 | പ്ലാപ്പിള്ളി ടോപ്പ് | 21,20,000 | 17,81,593.00 |
| 9 | എ.പി.ജെ.അബ്ദുൾകലാം സ്മാരക ഗ്രൂപ്പ് | 82,36,000 | 66,33,873.50 |
| 10 | മൂപ്പൻമല | 18,65,000 | 15,71,840.00 |
| 11 | ജെ.ജെ.മർഫി | 65,08,000 | 50,49,866.75 |
| 12 | ജ്യോതി | 43,73,000 | 27,64,221.00 |
| 13 | കെ.ആർ.നാരായണൻ സ്മാരക ഗ്രൂപ്പ് | 62,83,000 | 50,90,538.00 |
| 14 | പി.എസ്.ജംഗ്ഷൻ | 9,75,600 | 2,96,615.00 |
| 15 | വെട്ടിക്കാനം | 19,36,000 | 14,68,414.18 |
| 16 | കുട്ടിക്കൽ ചപ്പാത്ത് | 46,51,000 | 32,66,671.50 |
| 17 | നവ ചൈതന്യ | 28,39,000 | 22,31,715.00 |
| 18 | കുട്ടിക്കൽ ടൗൺ | 22,40,000 | 17,10,321.00 |

മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾ കൂടി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 ആശ്രയപദ്ധതി - വിവിധ ബാങ്ക് അക്കൗണ്ടുകളിലായി വൻതുക ബാക്കിനിൽക്കുന്നത്

ഗ്രാമപഞ്ചായത്തിന്റെ ആശ്രയപദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളുടെ സാമ്പത്തിക ഇടപാടുകൾക്കായും മൂന്നാംഘട്ടമായി ആവിഷ്കരിച്ചിട്ടുള്ള അഗതിരഹിത കേരളം എന്ന പ്രോജക്ടിന്റെ ആവശ്യത്തിലേക്കുമായി ചാർജ് ഓഫീസർ/മെമ്പർ സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുടെ പേരിൽ നിലനിർത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലായി ബാക്കി നിൽക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റ ഘട്ടങ്ങൾ. | ബാങ്ക്/അക്കൗണ്ട് നം. | 31.3.19 ലെ നീക്കിയിരിപ്പ് | ഓഡിറ്റ് തീയതിയിലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | ഒന്നാം ഘട്ടം | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ/ 67109915963 | 6,16,869/- | 2,00,060/- |
| 2 | രണ്ടാം ഘട്ടം | യൂണിയൻ ബാങ്ക്/ 337102010012893 | 5,62,963/- | 5,67,821/- |
| 3 | അഗതിരഹിത കേരളം | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ/38338520083 | | 4,16,809/-(11.4.19ൽ) |
| | **ആകെ** | | **11,79,832/-** | **11,84,690/-** |

വികസനഫണ്ട്, ചലഞ്ച് ഫണ്ട് ഉൾപ്പെടെ അടങ്ങിയിട്ടുള്ള തുക അഗതിരഹിതകേരളം എന്ന പേരിൽ മൂന്നാംഘട്ടമായി ആരംഭിക്കുന്ന പ്രോജക്ടിനായി വകയിരുത്തി പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതാണ്.

# 3-10 ലൈഫ് ഭവന പദ്ധതി-അവലോകനം

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണമാണ് പ്രോജക്ട് നം.74 പ്രകാരം ജനറൽ വിഭാഗത്തിനും പ്രോജക്ട് നം.76 പ്രകാരം പട്ടികജാതി വിഭാഗത്തിനുമായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കി വരുന്നത്.

രണ്ട് വിഭാഗത്തിലും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | വികസനഫണ്ട് (ജനറൽ) | വികസനഫണ്ട് (എസ്.സി.പി) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ | ആകെ |
|---|---|---|---|---|---|---|
| ജനറൽ | 22,56,000 | -- | 23,44,000 | 35,60,000 | 1,36,60,000 | 2,18,20,000 |
| എസ്.സി.പി | -- | 7,93,600 | 5,97,014 | 12,51,975 | 7,65,683 | 34,08,272 |
| ആകെ | 22,56,000 | 7,93,600 | 29,41,014 | 48,11,975 | 1,44,25,683 | 2,52,28,272 |

ഭവന നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിൽ 140 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽ 17 പേരും ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘട്ടം | ജനറൽ വിഭാഗം എണ്ണം | പട്ടികജാതി വിഭാഗം എണ്ണം | ആകെ |
|---|---|---|---|---|
| 1 | ഒന്നാംഘട്ടം തുക നൽകിയത് | 23 | - | 23 |
| 2 | രണ്ടാംഘട്ടം തുക(ഭാഗികം) നൽകിയത് | - | 03 | 03 |
| 3 | രണ്ടാം ഘട്ടം തുക നൽകിയത് | 96 | 02 | 98 |
| 4 | മൂന്നാം ഘട്ടം(ഭാഗികം) തുക നൽകിയത് | 13 | 02 | 15 |
| 5 | മൂന്നാംഘട്ടം തുക നൽകിയത് | 08 | 10 | 18 |
| | | 140 | 17 | 157 |

മേൽപ്പറഞ്ഞതിൽ രണ്ടാംഘട്ട തുക നൽകിയിരുന്ന ജനറൽ വിഭാഗത്തിലെ ഒരു ഗുണഭോക്താവ് കുടുംബപ്രശ്നങ്ങൾ മൂലം ഭവനനിർമ്മാണത്തിന് വിസമ്മതമറിയിക്കുകയും തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 27.6.2018 | 1,49,998 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,49,998 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 18.10.18 | 3,00,000 | പാലിയേറ്റീവ് കെയർ പ്രോഗ്രാം. | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 28.3.19 | 5,97,014 | ലൈഫ് മിഷൻ(എസ്.സി.പി) | 5,97,014 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22.9.18 | 12,51,975 | ലൈഫ് മിഷൻ(എസ്.സി.പി) | 12,51,975 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22.9.18 | 35,68,600 | ലൈഫ് മിഷൻ(ജനറൽ) | 35,60,000 | 8,600 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 26.9.18 | 23,44,130 | ലൈഫ് മിഷൻ(ജനറൽ) | 23,44,000 | 130 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 27.6.18 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 8.10.18 | 1,50,000 | പറത്താനം ഒടിച്ചുകുത്തി റോഡ് കോൺക്രീറ്റിംഗ്. | 1,49,925 | 75 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 8.10.18 | 3,00,000 | ഇളംകാട് -മൂപ്പൻമല റോഡ് കോൺക്രീറ്റിംഗ് | 0 | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 16.10.18 | 3,00,000 | തേൻപുഴ ഇുക്കപാലം റോഡ് കോൺക്രീറ്റിംഗ് | 2,01,466 | 98,534 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 31.10.18 | 1,50,000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് | 1,50,000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | പ്രോജക്ട് നം.086/19, കാവാലി ടോപ്പ് ഭാഗം കുഴൽകിണർ | 80,000 | 80,000 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

<u>ലൈഫ് മിഷൻ പദ്ധതി-വായ്പ/വായ്പ തിരിച്ചടവ്</u>

31.3.2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം വായ്പയിനത്തിൽ പഞ്ചായത്തിനുള്ള ബാധ്യത ₹1,44,25,683/-യാണ്. ലൈഫ് മിഷന്റെ കീഴിൽ നടപ്പാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 18.05.2018 ലെ ജി.ഒ(എം.എസ്) നം.68/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം

HUDCO യിൽ നിന്നുമാണ് വായ്പയെടുത്തിട്ടുള്ളത്. തൻവർഷം ആരംഭിച്ച ഈ വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താവ് തിരിച്ചടച്ച തുക പലിശ അടവിന് വിനിയോഗിച്ചു</u>

ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താവ് പഞ്ചായത്തിൽ തിരിച്ചടച്ച തുകയിൽ 1,24,700/-രൂപ പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും(കറന്റ് അക്കൗണ്ട് നമ്പർ 05049100180074) ഈ തുക സർക്കാരിലേക്ക് തിരിച്ചടക്കണമെന്ന ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈ അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയും ഇ.എം.എസ് ഹൗസിംഗ് ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു (പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ 05049601430001) കോട്ടയം ജില്ലാ ബാങ്കിലുള്ള ഈ അക്കൗണ്ടിൽ ലഭിച്ച തുക പലിശകണക്കിൽ ഉൾപ്പെടുത്തി കുറവുചെയ്യുകയാണ് ചെയ്തത്. ഇ.എം.എസ് ലോൺ അക്കൗണ്ടിലെ പലിശ സർക്കാരിൽ നിന്നും ബാങ്കുകൾക്ക് നേരിട്ട് നല്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ ട്രഷറി വഴി സർക്കാരിലേക്ക് അടക്കേണ്ട തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച വി.ഇ.ഒ യുടെ നടപടി ക്രമപ്രകാരമല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ സ്വീകരിച്ചിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,38,79,737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,27,79,681 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40,343 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,00,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 3,204 | ശ്രീമതി ഗീതാമോൾ സി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കുട്ടിക്കൽ |
| 3-4 | | 7,139 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(1) | | 5,000 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(2) | | 7,500 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ, കുട്ടിക്കൽ |
| 3-5(3) | | 12,500 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(4) | | 5,000 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | **40,343** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,00,000 | ശ്രീ.നാസർ സി.എസ്., സെക്രട്ടറി, കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗീതാമോൾ സി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കുട്ടിക്കൽ | കൊല്ലംപറമ്പിൽ, പുഞ്ചവയൽ പി.ഒ. |
| ശ്രീ.ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ, കുട്ടിക്കൽ | ഇലഞ്ഞിമറ്റം, ഏന്തയാർ പി.ഒ. |
| ശ്രീമതി അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കടവ് ഗ്രാമപഞ്ചായത്ത് | പേഴത്തുവയലിൽ, കുട്ടിക്കൽ പി.ഒ., നാരകംപുഴ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

# റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 | |
| 98-99 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(1)/ 20.2.18 | റിപ്പോർട്ട് തീർപ്പാക്കി | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(2)/18/20.2.18 | 2 | |
| 2000-01 | കെ.എസ്.എ-കെ.ടിഎം.പി.11/അദാ/18/202(3)/ 20.02.18 | | |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി.11/അദാ/18/202(4)/ 20.02.18 | 3 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി9/812/06/27.1.07 | 1 | |
| 2002-03 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(5)/18/20.2.18 | 23 | |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(6)/18/20.2.18 | 3 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(7)/18/20.2.18 | 4 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(8)/18/20.2.18 | 4 | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(9)18/20.2.18 | 6 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(10)18/20.2.18 | 4 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(11)18/20.2.18 | റിപ്പോർട്ട് തീർപ്പാക്കി | |
| 2009-10, 10-11 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(12)18/20.2.18 | 3 | |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/589/15/23.08.16 | 13 | |
| 2013-14 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(13)/20.02.18 | 3 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/1726/16/31.08.17 | 18 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/81/19/6.6.19 | 9 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/319/2019/17.4.19 | 10 | |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി1-1017/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 13.08.2019**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം